പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 57** **12-10-2026-ൽ മറുപടിയ്ക്ക്**

**മുതിർന്ന പൗരന്മാരുടെ പരിചരണം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. അൻവർ സാദത്ത്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. നാട്ടകം സുരേഷ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനും പരിചരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് യാഥാർത്ഥ്യമാക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**മറുപടി:** മുതിർന്ന പൗരന്മാരുടെ ക്ഷേമവും പരിചരണവും ഉറപ്പാക്കുന്നതിനായി വയോജന സൗഹൃദ സേവനങ്ങളും സിൽവർ ഇക്കോണമി അധിഷ്ഠിതമായ തൊഴിൽ, സംരഭകത്വം, സാമ്പത്തിക അവസരങ്ങളും, പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ നടപ്പിലാക്കുന്നതാണ്. വിട്ടുമാറാത്ത രോഗങ്ങൾ, വാർദ്ധക്യ സഹജമായ ബുദ്ധിമുട്ടുകൾ, വൈകല്യങ്ങൾ എന്നിവയുള്ളവരെ സഹായിക്കുന്നതിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള കെയർ ഗിവർ കോഴ്സുകൾ ആരംഭിക്കുന്നതിനും ഇതിലൂടെ ആവശ്യമുള്ളവർക്ക് പരിചരണവും തൊഴിൽരഹിതരായ യുവജനങ്ങൾക്ക് മാന്യമായ തൊഴിലവസരങ്ങളും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

**(ബി)** വീടുകളിൽ ഒറ്റപ്പെട്ടുപോകുന്ന മുതിർന്നവരുടെ ക്ഷേമ വിവരങ്ങൾ അന്വേഷിക്കാനും ഭക്ഷണം, മരുന്ന് തുടങ്ങിയവ ഉറപ്പാക്കാനും ഉള്ള വിപുലമായ പരിചരണ സംവിധാനം നടപ്പാക്കുമോ; വിശദമാക്കുമോ;

**മറുപടി:** വീടുകളിൽ ഒറ്റപ്പെട്ടു കഴിയുന്ന മുതിർന്നവരുടെ ക്ഷേമവും സുരക്ഷയും ഉറപ്പാക്കുന്നതിനായി വാർഡ്/തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മുതിർന്ന പൗരന്മാർക്കായുള്ള അയൽക്കൂട്ട പിന്തുണാ ശൃഖലാ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കുടുംബശ്രീ, ആരോഗ്യപ്രവർത്തകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, സാമൂഹിക പ്രവർത്തകർ, പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ എന്നിവരുടെ ഏകോപനത്തോടെ വയോജനങ്ങളുടെ

ക്ഷേമവിവരശേഖരണം, സ്ഥിരമായ ഗൃഹസന്ദർശനം, ആരോഗ്യ-ക്ഷേമ നിരീക്ഷണം, ഭക്ഷണം, മരുന്ന്, അവശ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കൽ, സർക്കാർ പദ്ധതികളിലേക്കുള്ള റഫറൽ, അടിയന്തര സഹായം എന്നിവ ഉറപ്പാക്കുന്നതാണ്. ടി പദ്ധതി പ്രകാരം ഒറ്റയ്ക്ക് താമസിക്കുന്നവർ, കിടപ്പുരോഗികൾ, ഭിന്നശേഷിക്കാർ, സാമൂഹികമായി ഒറ്റപ്പെട്ടവർ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

**(സി)** രാജ്യത്തെ ഏറ്റവും മികച്ച വയോജന സൗഹൃദ സമൂഹമാക്കി സംസ്ഥാനത്തെ മാറ്റുവാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

**മറുപടി:** രാജ്യത്തെ മികച്ച വയോജന സൗഹൃദ സമൂഹമാക്കി സംസ്ഥാനത്തെ മാറ്റുന്നതിനായി കേരളത്തിലെ വയോജനങ്ങളുടെ ക്ഷേമം, സംരക്ഷണം, സാമൂഹിക സുരക്ഷ, ആരോഗ്യപരിപാലനം, പുനരധിവാസം തുടങ്ങിയ മേഖലകളിൽ കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പാക്കുന്നതിനായി മുതിർന്ന പൗരന്മാർക്ക് പ്രത്യേകമായി വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. വർദ്ധിച്ചുവരുന്ന വയോജന ജനസംഖ്യയുടെ സാഹചര്യത്തിൽ ആരോഗ്യകരവും സജീവവുമായ വാർദ്ധക്യം, സമൂഹാധിഷ്ഠിത പരിചരണവും സ്വതന്ത്ര ജീവിതവും, സാർവത്രിക സാമൂഹിക സംരക്ഷണവും വയോജന അവകാശങ്ങളും, പരിചരണ സമ്പദ്‌വ്യവസ്ഥയും വയോജന കേന്ദ്രീകൃത സമ്പദ്‌വ്യവസ്ഥയും, വാർദ്ധക്യവുമായി ബന്ധപ്പെട്ട ഗവേഷണം, വിവരശേഖരണം, നവീകരണം എന്നീ മേഖലകളിൽ സമഗ്രമായ ഇടപെടലുകൾ ഉറപ്പാക്കുകയാണ് വകുപ്പ് രൂപീകരണത്തിന്റെ പ്രധാന ലക്ഷ്യം. മുതിർന്ന പൗരന്മാരുടെ ക്ഷേമം സർക്കാരിന്റെ പ്രധാന പരിഗണനാ വിഷയമായി കണക്കിലെടുത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും വയോജനങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന വിവിധ പദ്ധതികളും സേവനങ്ങളും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**